**മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്**

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് കാര്യാലയം, താഴം പി ഒ, പത്തനംതിട്ട- 689666, ഫോൺ- 0468-2300223,

ഇമെയിൽ- gpmalayalappuzha@gmail.com, website: www.lsgkerala.in/malayalapuzhapanchayat

ഭരണഭാഷ- മാതൃഭാഷ

**********************************************************************************************************

SC1- 366522(1) /2025 **തീയതി** 19/05/2026

# ടെണ്ടർ പരസ്യം

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ 2026 2027 വാർഷിക പദ്ധതിയിലുൾപ്പെട്ട ചുവടെ ചേർക്കുന്ന പദ്ധതിക്കായി അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു.

| പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക | ഫോറം വില | നിരതദ്രവ്യം | സെക്യൂരിറ്റി ഡെപ്പോസിറ്റ് | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 21/2026-27 | തെരുവ് വിളക്ക് അറ്റകുറ്റപണി വേതനം നൽകൽ | 300000 | 600+18% GST | 7500 | 15000 | സെക്രട്ടറി |

ദർഘാസ് ഫോറങ്ങൾ ലഭിക്കുന്ന അവസാന തീയതി സമയം 09/06/2026 12 പി എം

ദർഘാസ് ഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി സമയം 09/06/2026, 1 പി എം

ദർഘാസ് ഫോറങ്ങൾ പരിശോധിക്കുന്ന തീയ്യതി സമയം 09/06/2026 3 പി എം

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിലവിലുള്ളതിൽ/ കേടാകുന്ന തെരുവ് വിളക്കുകൾ അറ്റകുറ്റപണി നടത്തി പ്രവർത്തനക്ഷമമാക്കുക എന്നതാണ് പ്രവർത്തി. അറ്റകുറ്റപണിക്കാവശ്യമായ ബൾബ് ഉൾപ്പടെയുള്ള ഇലക്ട്രിക് സാധനങ്ങൾ പഞ്ചായത്ത് ലഭ്യമാക്കുന്നതാണ് . നിലവിലുള്ള തെരുവ് വിളക്കുകൾ 12W LED , 18 W LED സാധാരണ ബൾബ് ഉപയോഗിച്ച് അറ്റകുറ്റ പണി നടത്തുന്നതിനുള്ള നിരക്കുകളാണ് ക്വോട്ട് ചെയ്യേണ്ടത്.

## നിബന്ധനകൾ

1. കരാറുകാർ സർക്കാർ അംഗീകൃത നിയമാനുസൃത ലൈസൻസ് ഉള്ളവരായിരിക്കണം, പ്രവർത്തി പരിചയം അഭികാമ്യം, ലൈസൻസ്, പാൻകാർഡ്, ആധാർകാർഡ് തുടങ്ങിയവ അപേക്ഷയോടൊപ്പം ഹാജരാക്കണം
2. ഒരു ഇലക്ട്രിക് പോസ്റ്റിൽ നിലവിലുള്ള തെരുവ് വിളക്ക് ഒരു തവണ . അറ്റകുറ്റ പണി ചെയ്ത് പ്രകാശിപ്പിക്കുന്നതിനുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.

3. പ്രവർത്തിയിലേർപ്പെടുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും

4. പഞ്ചായത്തിന്റെയും, കെ എസ് ഇ ബി യുടേയും നിർദ്ദേശ പ്രകാരം മാത്രമായിരിക്കണം പ്രവർത്തി ചെയ്യേണ്ടത്.

5. തെരുവ് വിളക്ക് അറ്റകുറ്റപണി ചെയ്യുന്നതിനാവശ്യമായ സംവിധാനങ്ങൾ (പണിആയുധങ്ങൾ, സഞ്ചരിക്കുന്നതിന് വാഹനം, ഏണി മുതലായവ) കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ഒരുക്കേണ്ടതാണ്.

6. ടെണ്ടർസമർപ്പിക്കുന്നവർ നിശ്ചിത നിരക്കിലുള്ള നിരതദ്രവ്യം അടച്ച രസീതിനൊപ്പം 200 രുപയുടെ മുദ്രപത്രത്തിൽ പ്രാഥമിക കരാർകൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

7. ടെണ്ടർ അംഗീകരിക്കുന്നതും നിരസിക്കുന്നതും സംബന്ധിച്ച അന്തിമ തീരുമാനം പഞ്ചായത്ത് കമ്മിറ്റിയുടേതായിരിക്കും.

8. പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്ന കരാറുകാരൻ 500 രുപ മുദ്രപത്രത്തിൽ ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെടേണ്ടതും കരാർ തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതുമാണ്.കരാർ കാലാവധി ഒരുവർഷമായിരിക്കും.

9. ടെണ്ടർ തുറക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ തൊട്ടടുത്ത ദിവസം അതേ സമയം ടെണ്ടർ തുറക്കുന്നതാണ്.

10. ടെണ്ടർ സംബന്ധമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും.

11. പഞ്ചായത്ത് അംഗീകരിച്ച കരാറുകാരൻ/ വ്യക്തി യഥാസമയം പഞ്ചായത്തുമായി കരാറിൽ ഏർപ്പെടാതെയിരിക്കുക, തെരുവ് വിളക്ക് അറ്റകുറ്റപണി ,നടത്താതിരിക്കുക, മേൽ നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുക തുടങ്ങിയ കാരണങ്ങളാൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി തടസ്സപ്പെടുന്ന സാഹചര്യത്തിൽ, അടുത്ത കരാറുകാരനെ കണ്ടെത്തി തെരുവ് വിളക്ക് അറ്റകുറ്റപ്പണി ചെയ്യുന്നതുമൂലം പഞ്ചായത്തിന് അധിക ബാധ്യത ഉണ്ടാകുന്ന പക്ഷം ആയതിന് കാരണക്കാരനായ വ്യക്തി/ സ്ഥാപനത്തിൽ നിന്നും തുക ഈടാക്കുന്നതാണ്.

12. മേൽ നിബന്ധനകൾ അംഗീകരിച്ചത് സംബന്ധിച്ച രേഖ കൂടി ടെണ്ടറിനോടൊപ്പം ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

13. കുടുതൽ വിവരങ്ങൾ പ്രവൃത്തിദിവസങ്ങളിൽ മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് ആഫീസിൽനിന്നും ലഭ്യമാകുന്നതായിരിക്കും

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് പത്തനംതിട്ട ജില്ല കേരളം

ഒപ്പ്